(Pages : 4) **N – 1172**

Reg. No. : ...11519132012...

Name : ....Ananthalekshmi S

**Sixth Semester B.A. Degree Examination, April 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course**

**ML 1641 : മാധ്യമലോകം**

**(2018 & 2019 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടോ വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളലിപിയിൽ പൂർണ്ണമായി അച്ചടിച്ച ആദ്യഗ്രന്ഥമേത്?

2. കേരളവിലാസം അച്ചുകൂടം സ്ഥാപിച്ചതാര്?

3. മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസിക ഏത്?

4. ആകാശവാണിയുടെ മുഖവാക്യം ഏത്?

5. പ്രസാർ ഭാരതിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൊതുസംപ്രേഷണ ഭൂതലടെലിവിഷൻ ചാനലേത്?

6. മലയാളത്തിലെ ആദ്യ വാർത്താചാനൽ ഏത്?

7. അച്ചടിയിലുള്ള പത്രങ്ങളുടെ ഇന്റർനെറ്റ് രൂപമേത്?

8. ഇ മെയിൽ കണ്ടുപിടിച്ചതാര്?

9. കേരള പത്രപ്രവർത്തനചരിത്രം എന്ന പുസ്തകം രചിച്ചതാര്?

10. കേരളത്തിൽ പ്രക്ഷേപണം ആരംഭിച്ചതെന്ന്?

(10 × 1 = 10 Marks

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. ഇന്റർനെറ്റ്, വേൾഡ് വൈഡ് വെബ് എന്നിവയുടെ വ്യത്യാസമെന്ത്?

12. വിവിധ് ഭാരതി - കുറിപ്പെഴുതുക.

13. ബെഞ്ചമിൻ ബെയ്‌ലിക്കു മാധ്യമചരിത്രത്തിലുള്ള സ്ഥാനമെന്ത്?

14. വയലും വീടും - കുറിപ്പെഴുതുക.

15. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള - കുറിപ്പെഴുതുക.

16. വിദ്യാവിനോദിനി - കുറിപ്പെഴുതുക.

17. സാമൂഹ്യശൃംഖലാവെബ്സൈറ്റുകളുടെ ധർമ്മമെന്ത്? ഉദാഹരിക്കുക.

18. മുഖപ്രസംഗം എന്നാലെന്ത്? സവിശേഷതകൾ വ്യക്തമാക്കുക.

19. ഡിജിറ്റൽ ലൈബ്രറി നല്കുന്ന സൗകര്യങ്ങൾ പരിശോധിക്കുക.

20. ഡി.ടി.എച്ച്. - കുറിപ്പെഴുതുക.

21. ഒ.ബി. വാനിന്റെ ഉപയോഗമെന്ത്?

22. പ്രക്ഷേപണം, സംപ്രേഷണം എന്നിവ അർത്ഥമാക്കുന്നതെന്ത്?

23. സിറ്റിസൺ ജേർണലിസത്തിന്റെ പ്രസക്തി വ്യക്തമാക്കുക.

24. ലീഡ് എന്നാലെന്ത് ? വ്യക്തമാക്കുക.

25. സൈബർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതെന്തെല്ലാം ?

26. ഫീച്ചർ എന്നാലെന്ത് ?

**(8 × 2 = 16 Marks)**

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

27. പ്രക്ഷേപണത്തിൽ അനുവദനീയമല്ലാത്ത കാര്യങ്ങൾ ഏവ?

28. വിക്കിപ്പീഡിയ വിജ്ഞാനവിതരണത്തിൽ വഹിക്കുന്ന പങ്കെന്ത്?

29. ദൂരദർശൻ പരിപാടികളുടെ പ്രസ്താവിതലക്ഷ്യങ്ങൾ ഏവ?

30. അച്ചടി, ശ്രാവ്യ മാധ്യമങ്ങളേക്കാൾ ദൃശ്യമാധ്യമങ്ങൾ സ്വീകാര്യമാകുന്നത് എന്തുകൊണ്ട്?

31. ഇ-മെയിൽ സംവിധാനത്തിന് പരമ്പരാഗത തപാൽസംവിധാനത്തെയപേക്ഷിച്ചുള്ള മെച്ചമെന്ത്?

32. റേഡിയോ നാടകം എന്ന ജനുസ്സിന്റെ സാങ്കേതികപ്രത്യേകതകൾ പരിശോധിക്കുക.

33. ടെലിവിഷൻ സീരിയലുകൾ പ്രേക്ഷകരുടെ അഭിരുചികളെ മലിനമാക്കുന്നുണ്ടോ സമർത്ഥിക്കുക.

34. കേരളമിത്രം - കുറിപ്പെഴുതുക.

35. ലിത്തോഗ്രാഫി എന്നാലെന്ത്? വിവരിക്കുക.

36. മലയാളം വെബ് പത്രങ്ങളെക്കുറിച്ചു വിവരിക്കുക.

37. മലയാളത്തിലെ സ്വകാര്യ ടെലിവിഷൻ ചാനലുകൾ - വിവരണം തയ്യാറാക്കുക.

38. സാമൂഹികമാധ്യമങ്ങൾ ജനാധിപത്യപരമാണോ? പരിശോധിക്കുക.

(6 × 4 = 24 Marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

39. മലയാളം അച്ചടിയുടെ ചരിത്രത്തെക്കുറിച്ച് വിവരിക്കുക.

40. ആകാശവാണിയിലെ വിവിധ പരിപാടികളെയും അവയുടെ ലക്ഷ്യങ്ങളെയും പരിചയപ്പെടുത്തുക.

41. പൊതുബോധനിർമ്മിതിയിൽ ദൃശ്യശ്രാവ്യമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തുക.

42. അധികാരവും മാധ്യമങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക.

43. നവമാധ്യമങ്ങൾ നവസമൂഹത്തെ സൃഷ്ടിക്കുന്നുവെന്ന വാദം ശരിയോ? പരിശോധിക്കുക.

44. പരസ്യങ്ങളും മാധ്യമസംസ്കാരവും - ഉപന്യസിക്കുക.

(2 × 15 = 30 Marks)

---

(Pages : 4) **N – 1175**

Reg. No. : 115191132012 ......

Name : ......Ananthalekshmi S.

**Sixth Semester B.A. Degree Examination, April 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course**

**ML 1642 : മലയാളവ്യാകരണം**

**(2018 & 2019 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ ഒന്നോ രണ്ടോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കേരളഭാഷാവ്യാകരണം ചർച്ച ചെയ്യുന്ന ആദ്യകൃതി ഏത്?

2. 'മനുഷ്യബുദ്ധിയുടെ ഏറ്റവും മഹത്തായ സ്മാരകങ്ങളിലൊന്ന്' എന്ന് വിശേഷിപ്പിക്കപ്പെട്ട വ്യാകരണകൃതി ഏത്?

3. 'മലയാളഭാഷാവ്യാകരണം' എന്ന കൃതി രചിച്ചതാര്?

4. മലയാളത്തിലെ ഏത് വർണ്ണമാണ് തമിഴിൽ 'കുറ്റിയലുകരം' എന്നറിയപ്പെടുന്നത്?

5. എന്താണ് 'ഉഭയസന്ധി' ?

6. ഒരു കൃതിക്ക് കീഴടങ്ങുന്ന പറ്റുവിനയേത് ?

7. മറ്റ് പദങ്ങൾക്ക് കീഴടങ്ങാതെ നിൽക്കുന്ന അപൂർണ്ണക്രിയയ്ക്ക് വിളിക്കുന്ന പേര് ?

P.T.O.

8. ഗതി ചേർന്ന വിഭക്തിയെ പറയുന്ന പേര്.

9. 'മടയത്തം' ഏത് തദ്ധിതത്തിൽപ്പെടുന്നു ?

10. 'മുപ്പാര്' സമാസമേത് ?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. വർണ്ണം, അക്ഷരം ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?

12. കരണവിഭ്രമം എന്നാൽ എന്ത്?

13. ഭാഷാപരിണാമ ഹേതുക്കൾ ഏതെല്ലാം?

14. വിനാമക്രിയ എന്നാൽ എന്ത്?

15. പ്രയോജകക്രിയ എന്നാലെന്ത്? വിശദമാക്കുക.

16. 'അനുനാസിക സംസർഗ്ഗം

സ്വാർത്ഥവിശ്രാന്തിസൂചകം'

\- വിശദീകരിക്കുക.

17. 'ണസ്സസ്യട' - വ്യാഖ്യാനിക്കുക.

18. വിഭക്ത്യാഭാസത്തെക്കുറിച്ച് കുറിപ്പെഴുതുക.

19. ദ്യോതകവിഭാഗങ്ങൾ ഏവ?

20. ബഹുവചനവിഭാഗങ്ങൾ ഏവ?

21. പുരുഷഭേദനിരാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

N – 1178

22. കർമ്മണിപ്രയോഗം എന്തെന്ന് വിശദീകരിക്കുക.

23. മലയാളത്തിൽ സംവൃതോകാരത്തിനുള്ള സവിശേഷതകൾ വിവരിക്കുക.

24. പൂരണിതദ്ധിതം എന്തെന്ന് വിശദമാക്കുക.

25. സങ്കീർണ്ണവാക്യം എന്നാൽ എന്ത്?

26. മധ്യമപദലോപി സമാസത്തിന്റെ പ്രത്യേകതയെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

27. മലയാളത്തിൽ വർത്സ്യവർഗത്തിന്റെ പ്രസക്തി വിവരിക്കുക.

28. ഖരമൃദുവിനിമയം എന്നാൽ എന്ത്? വിശദമാക്കുക.

29. മലയാളത്തിലെ വിനയെച്ചങ്ങളുടെ പ്രയോഗം എപ്രകാരമെന്ന് വിവരിക്കുക.

30. ലീലാതിലകത്തിലെ കുന്തൽവാദം സംഗ്രഹിച്ച് മലയാളവ്യാകരണചർച്ചയിൽ അതിന്റെ പ്രാധാന്യമെന്തെന്ന് വിശദീകരിക്കുക.

31. വർണ്ണങ്ങൾക്ക് ശ്രുതിഭേദമുണ്ടാകുന്നതിന് കേരളപാണിനി അവതരിപ്പിക്കുന്ന ആറ് തരം കാരണങ്ങളേവ?

32. വർണ്ണവികാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? അതുണ്ടാവാനുള്ള കാരണങ്ങൾ വിവരിക്കുക.

33. കേരളപാണിനിയുടെ ഭേദകവിഭജനം ചർച്ച ചെയ്യുക.

34. മലയാളത്തിലെ ലിംഗപ്രത്യയങ്ങളെക്കുറിച്ച് വിവരിക്കുക.

35. മലയാളത്തിലെ വിഭക്തികളെ കേരളപാണിനി അവതരിപ്പിക്കുന്നതിലെ സവിശേഷതയെന്ത്?

36. തദ്ധിതം എന്നാൽ എന്ത്? തദ്ധിതവിഭാഗങ്ങൾ ഏവ?

37. മലയാളവ്യാകരണകൃതികൾ സമാസത്തെ വിവരിക്കുന്നത് എങ്ങനെയെല്ലാം?

38. കൃത്തുക്കൾ എന്നാലെന്ത്? കൃതികൃത്തും കാരകകൃത്തും തമ്മിലുള്ള വ്യത്യാസമെഴുതുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (രണ്ടെണ്ണം)

39. കേരളപാണിനീയത്തിലെ സന്ധിചർച്ചകളെ ലീലാതിലകത്തിലെ സന്ധിസൂത്രങ്ങളുമായി ചേർത്തുവെച്ച് ചർച്ച ചെയ്യുക.

40. കേരളപാണിനിയുടെ ക്രിയാവിഭജനം വിലയിരുത്തുക.

41. വർത്തമാനകാലപ്രത്യയത്തിന്റെ ആഗമത്തെക്കുറിച്ചുള്ള ഭിന്നമതങ്ങൾ സംഗ്രഹിക്കുക.

42. പ്രകാരങ്ങളുടെ വ്യാകരണപരവും സാംസ്കാരികവുമായ സവിശേഷതകൾ വിവരിക്കുക.

43. മലയാളത്തിലെ വാക്യഘടനയെക്കുറിച്ച് ഉപന്യസിക്കുക.

44. മലയാളത്തിലെ പ്രധാനപ്പെട്ട വ്യാകരണഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുക.

**(2 × 15 = 30 Marks)**

---

(Pages : 4) N – 1178

Reg. No. : ..............................

Name : ..................................

# Sixth Semester B.A. Degree Examination, April 2022

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course

## ML 1643 : മലയാളകവിത - ഉത്തരഘട്ടം

## (2018 & 2019 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ആത്മീയതലത്തിൽ ആശാനിൽ സ്വാധീനം ചെലുത്തിയ വ്യക്തി.
2. ഒരേ ഞെട്ടിൽ വിടർന്ന പുഷ്പങ്ങളായി വിശേഷിപ്പിക്കപ്പെടുന്ന കവികൾ.
3. വള്ളത്തോളിന്റെ ലഘു കവിതാസമാഹാരം ഏത്?
4. 'കറുത്ത ചെട്ടിച്ചികൾ' ആരുടെ കവിതയാണ്?
5. മരണത്തെ വരനായി കൽപ്പിക്കുന്ന ജി. യുടെ കവിത.
6. 'കാച്ചിക്കുറുക്കിയ കവിത' എന്നറിയപ്പെടുന്നത്.
7. 'മേഘരൂപൻ' എന്ന കവിതയിലെ നായകനാര്?
8. 'അമ്മ മലയാളം' എന്ന കവിതയുടെ രചയിതാവ് ആര്?
9. 'ചങ്ങമ്പുഴ കൃഷ്ണപിള്ള - നക്ഷത്രങ്ങളുടെ സ്നേഹഭാജനം' ആരുടെ കൃതിയാണ്?
10. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ അദ്ധ്യക്ഷൻ.

(10 × 1 = 10 Mark

P.T

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. "തമസ്സാമതിലടിപ്പെട്ടാലകാലമൃത്യു ഫലം" ഏതിനടിപ്പെട്ടാലാണ് അകാലമൃത്യു ഉണ്ടാവുന്നത്? കാരണമെന്ത്?

12. "അച്ഛന്റെ തീമൊഴി, അമ്മയുടെ തേൻമൊഴി" - എന്തിനെയാണ് കവി ഇവിടെ അടയാളപ്പെടുത്തുന്നത്? കാരണമെന്ത്?

13. "ഉപ്പു ചേർത്താലേ രുചിയുള്ളൂ" ഒ.എൻ.വി. കുറുപ്പിന്റെ കവിതയിൽ ഉപ്പ് എന്തിനെയെല്ലാം പ്രതീകവൽക്കരിക്കുന്നു?

14. "മതിമോഹനശുഭനർത്തനമാടുന്നയി, മഹിതേ" - എന്തിനെയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്?

15. "വരണം വരൻ മാത്രമാസന്നമായിപ്പോയി
വരണം സനാതന നിയമം ലംഘിക്കാമോ?" - സൂചിതമെന്ത്?

16. "പരമിതുകളിലൊന്നിലും മറഞ്ഞീ-
ലുര പെറുമാ യുവതാപസന്റെ ദർപ്പം" - ആരെക്കുറിച്ചാണ് പരാമർശം? വർണ്ണനാഭംഗി വിശദമാക്കുക.

17. "ആ വഴിയൂടെ നീങ്ങി
മുന്നോട്ടു മന്ദം നമ്മ-
ളാവതും മിണ്ടാതെ, യാ
മന്ദനത്തിന്നടിത്തട്ടിൽ" - എങ്ങോട്ടുള്ള യാത്രയാണ്? പ്രത്യേകതയെന്ത്?

18. "മണ്ണിളക്കി മണ്ണിരകളുറങ്ങാതെയാവാം
കൊച്ചു മൺവീടുകൾ വച്ചു രാവിൽ" - കാവ്യഭംഗി വിശദമാക്കുക.

19. "ശുദ്ധാശുദ്ധത്തിന്റെ കാര്യമാണേ,
അഭിമാനത്തിന്റെ പ്രശ്നമാണേ" - വിവക്ഷിതമെന്ത്?

20. "നീ കൃഷ്ണശിലതൻ താളം! വിണ്ണിലോലുന്ന നീലിമ!" എന്തിനെപ്പറ്റിയാണ് പരാമർശം?

21. "പെരുവഴി കണ്മുന്നിലിരിക്കെ
പുതുവഴി നീ വെട്ടുന്നാകിൽ
പലതുണ്ടേ ദുരിതങ്ങൾ" - എന്തെല്ലാമാണ് ദുരിതങ്ങൾ?

22. കുമാരനാശാന്റെ ഖണ്ഡകാവ്യങ്ങൾ ഏതെല്ലാം?

23. കാല്പനിക കവിതയുടെ ഏതെങ്കിലും അഞ്ച് പ്രത്യേകതകൾ എഴുതുക.

24. പാസ്റ്ററൽ എലിജി എന്നാലെന്ത്?

25. മിസ്റ്റിക് കവിതകളുടെ പ്രത്യേകതയെന്ത്?

26. ആഖ്യാന കവിത എന്നാലെന്ത്?

(8 × 2 = 16 Marks)

III. നൂറ്റിയിരുപത് വാക്കിൽ കവിയാതെ ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

27. വിലാപകാവ്യപ്രസ്ഥാനം എന്നാലെന്ത്? പ്രത്യേകതകൾ അവതരിപ്പിക്കുക.

28. നിയോക്ലാസ്സിസം എന്നാലെന്ത്? വിശദമാക്കുക.

29. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

30. വീണപൂവിൽ അവതരിപ്പിക്കുന്ന ജീവിതദർശനമെന്ത്?

31. 'എന്റെ വേളി' എന്ന കവിതയെ സിംബലിസ്റ്റിക് കാവ്യം എന്ന രീതിയിൽ വിലയിരുത്തുക.

32. "പരമാർത്ഥത്തിൽപ്പരനും ഞാനും
ഭവാനുമൊന്നല്ലി" - ഇങ്ങനെ പറയാൻ കാരണമെന്ത്?

33. "അന്ധർ നിൻ തുമ്പിയോ കൊമ്പോ
പള്ളയോ തൊട്ടിടഞ്ഞിടാം
എനിക്കു കൊതി നിൻ വാലിൻ
രോമം കൊണ്ടൊരു മോതിരം" - കാവ്യദർശനം വിശദമാക്കുക.

34. സമൂഹത്തിന്റെ മനോഗതങ്ങളെ 'വഴിവെട്ടുന്നവരോട്' എന്ന കവിതയിൽ അവതരിപ്പിക്കുന്നതെങ്ങനെ?

35. ഫെമിനിസ്റ്റ് കവിതയുടെ എന്തെല്ലാം പ്രത്യേകതകളാണ് 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയിൽ പ്രകടമാകുന്നത്?

36. "കുറ്റം പറയരുതല്ലോ
പൊങ്ങാത്ത ചില ഭാരങ്ങൾക്ക്
തീരാത്ത ചില വേലകൾക്ക്
എന്നെയും സഹായത്തിനു കൂട്ടാറുണ്ട്."
- സമകാലിക പശ്ചാത്തലത്തിൽ ഈ വരികളുടെ കാവ്യഭംഗി അവതരിപ്പിക്കുക.

37. ഖണ്ഡകാവ്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

38. "പിറക്കാതിരുന്നെങ്കിൽ
പാരിൽ നാം സ്നേഹിക്കുവാൻ
വെറുക്കാൻ, തമ്മിൽക്കണ്ടു-
മുട്ടാതെയിരുന്നെങ്കിൽ"
- സ്നേഹവും സ്നേഹരാഹിത്യവും കവിതയ്ക്കു നൽകുന്ന ഭംഗിയെന്ത്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. ആദ്യത്തെ കാല്പനിക കാവ്യമെന്ന നിലയിൽ 'വീണപൂവ്' എന്ന കൃതിയെ വിലയിരുത്തുക.

40. 'ശിഷ്യനും മകനും' എന്ന കവിതയിലെ ശബ്ദങ്ങളുടെ പ്രയോഗവും ആവിഷ്കാരത്തിലെ സൗന്ദര്യവും വിശദമാക്കുക.

41. കാല്പനികതയുടെ ലാവണ്യം ചങ്ങമ്പുഴയുടെ കവിതകളിൽ എങ്ങനെ പ്രകടമാകുന്നു? 'കാവ്യനർത്തകി' എന്ന കാവ്യത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.

42. 'യുഗളപ്രസാദൻ' എന്ന കവിത മുന്നോട്ട് വയ്ക്കുന്ന ദർശനം എന്ത്?

43. ആധുനിക കവിതകളുടെ പ്രത്യേകതകൾ എന്തെല്ലാം? വിശദമാക്കുക.

44. സമകാലിക കവിതകളിലെ വിവിധ പ്രവണതകളെ അവതരിപ്പിക്കുക.

**(2 × 15 = 30 Marks)**

(Pages : 4) **N – 1181**

Reg. No. 1181132012..........

Name : ..Ananthalakshmi S

**Sixth Semester B.A. Degree Examination, April 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course XIV**

**ML 1644 : നാടോടിവിജ്ഞാനീയം**

**(2018 & 2019 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.

1. ഫോക്‌ലോറിന് ഒരു പഠന പദ്ധതി എന്ന ഗ്രന്ഥം ആരുടേതാണ്?

2. Folk lore എന്ന പദത്തിലെ Folk എന്ന ഘടകപദത്തിന്റെ അർത്ഥമെന്ത്?

3. ഫോക്‌ലോർ നിഘണ്ടു എഴുതിയതാരാണ്?

4. നാല് തരം വാദ്യങ്ങൾ ഏതെല്ലാം?

5. ഫിൻലാൻഡിലെ നാടോടി ഇതിഹാസത്തിന്റെ പേരെഴുതുക.

6. ആറ്റുമ്മണമ്മേൽ തറവാടിനെക്കുറിച്ച് പരാമർശമുള്ള ഗാനശാഖ ഏതാണ്?

P.T.O.

7. പൂതനും തിറയും അവതരിപ്പിക്കുന്നത് ഏത് സമുദായക്കാരാണ്?

8. തിരുവാതിരക്കളിയുടെ മറ്റൊരു പേരെന്ത്?

9. ഇശൽ എന്നാലെന്ത്?

10. ഫോക്‌ലോറിനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ജർമ്മൻ പദം ഏത്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. ഫിന്നിഷ് രീതിയെക്കുറിച്ച് വ്യക്തമാക്കുക.

12. ഫോക്‌ലോറും ഭാഷാശാസ്ത്രവുമായുള്ള ബന്ധം വിവരിക്കുക.

13. ഫോക്‌ലോർ മ്യൂസിയത്തിന്റെ പ്രസക്തിയെന്ത്?

14. കടങ്കഥകളുടെ സാംസ്കാരികധർമ്മമെന്ത്?

15. സഹനിരീക്ഷണരീതിയ്ക്ക് ഫോക്‌ലോർ പഠനത്തിലുള്ള പ്രാധാന്യമെന്ത്?

16. നാട്ടുഭക്ഷണം സ്വത്വനിർമിതിയുടെ അടയാളമാകുന്നതെങ്ങനെ?

17. കേരളത്തിലെ നാടോടിക്കൈവേലകൾ ഏതെല്ലാം?

18. കളമെഴുത്തിനുള്ള വർണ്ണങ്ങൾ പരിചയപ്പെടുത്തുക.

19. നാടൻകളികളുടെ ലക്ഷ്യമെന്ത്?

20. കാക്കാരശി നാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

21. തെയ്യം എന്ന കലാരൂപത്തെ പരിചയപ്പെടുത്തുക.

22. മാർഗ്ഗംകളിയുടെ കലാപരവും ചരിത്രപരവുമായ പ്രാധാന്യമെന്ത്?

23. അജ്ഞാത കർതൃകത്വം എന്നാലെന്ത്?

24. ഫോക്‌ലോറിന്റെ മുഖമുദ്രയാണ് പാഠഭേദങ്ങൾ എന്നു പറയാൻ കാരണമെന്ത്?

25. സാഹിത്യവും ഫോക്‌ലോറും പരസ്പരബന്ധിതമാണെന്ന് പറയാൻ കാരണമെന്ത്?

26. ഉർവരതാ അനുഷ്ഠാനങ്ങളുടെ പ്രസക്തിയെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

27. ജന്തുകഥകൾക്ക് നാടോടിക്കഥാ സാഹിത്യത്തിലുള്ള പ്രാധാന്യമെന്ത്? വിശദമാക്കുക.

28. ഫോക്‌ലോറിന്റെ സാമൂഹിക ധർമ്മങ്ങളെക്കുറിച്ച് വിവരിക്കുക.

29. പഴഞ്ചൊല്ലുകളെ എപ്രകാരം വർഗ്ഗീകരിക്കാം?

30. പുരാവൃത്തങ്ങൾ ഫോക്‌ലോർ പഠനത്തിന്റെ ഭാഗമാകുന്നതെങ്ങനെ?

31. തെക്കൻ പാട്ടുകൾക്ക് ഫോക്‌ലോർ പഠനത്തിലുള്ള പ്രസക്തിയെന്ത്?

32. ആദിവാസികളുടെ പാട്ടുകൾ അവരുടെ സവിശേഷമായ ലോകബോധത്തിന്റെ പ്രതിഫലനമാകുന്നതെങ്ങനെ?

33. നാട്ടുവൈദ്യത്തിന്റെ പ്രസക്തിയെക്കുറിച്ച് വിവരിക്കുക.

34. ഒപ്പന എന്ന കലാരൂപത്തെ പരിചയപ്പെടുത്തുക.

35. കൃഷിപ്പാട്ടുകളിലെ സാമൂഹിക ജീവിതത്തെക്കുറിച്ച് വിവരിക്കുക.

36. മെറ്റാ ഫോക്‌ലോർ, നവ ഫോക്‌ലോർ ഇവ എന്തെന്ന് വിവരിക്കുക.

37. കൈവേലകളുടെ വ്യാപനവും പരിണാമവും ഏതെല്ലാം വിധത്തിൽ സംഭവിക്കുന്നു?

38. കൃഷി അറിവുകൾ പങ്കുവെക്കുന്ന ഏതാനും പഴഞ്ചൊല്ലുകൾ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks**

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

39. പ്രമേയം, പ്രയോഗസന്ദർഭം ഭാഷാസാഹിത്യസവിശേഷതകൾ എന്നിവയെ മുൻനിറുത്തി വടക്കൻ പാട്ടുകളെക്കുറിച്ച് ഉപന്യസിക്കുക.

40. സമകാലിക സാഹചര്യത്തിൽ ഫോക്‌ലോർ പഠനത്തിനുള്ള പ്രസക്തിയെന്ത്? വ്യക്തമാക്കുക.

41. കേരളത്തിന്റെ അനുഷ്ഠാന കലാപാരമ്പര്യത്തെക്കുറിച്ച് ഉപന്യസിക്കുക.

42. കേരളത്തിലെ ഉൽസവാഘോഷങ്ങളെക്കുറിച്ച് വിവരിക്കുക.

43. വിനോദനാടകങ്ങളുടെ ഘടന, സാമൂഹിക ധർമ്മം എന്നിവ അപഗ്രഥിക്കുക.

44. അനുഷ്ഠാനം, വിശ്വാസം, ആചാരം എന്നിവയുടെ സ്വഭാവ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

(2 × 15 = 30 Marks)

———————

(Pages : 4) **N – 1196**

Reg. No. : 1151913 2012

Name : Ananthalakshmi S

**Sixth Semester B.A. Degree Examination, April 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Elective Course**

**ML 1661.5 : മലയാള പത്രപ്രവർത്തനം**

**(2018 & 2019 Admission)**

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യ സാഹിത്യമാസിക.

2. കേരളമിത്രത്തിന്റെ ആദ്യ പത്രാധിപർ.

3. എട്ടാമത്തെ മോതിരം ആരുടെ ആത്മകഥയാണ്?

4. ഇന്ത്യൻ ചലച്ചിത്രരംഗത്തെ പരമോന്നത പുരസ്കാരം.

5. ആകാശവാണി (എ.ഐ.ആർ.) നിലവിൽ വന്ന വർഷം.

6. മുൻഷി ഏതു ചാനലിലെ പരിപാടിയാണ്?

7. ഇന്റർനെറ്റ് എഡിഷൻ തുടങ്ങിയ ആദ്യ മലയാളപത്രം.

8. വാർത്തകൾക്കൊപ്പം കളർചിത്രം നൽകിത്തുടങ്ങിയ ആദ്യത്തെ മലയാളപത്രം.

P.T.

9. വിദ്യാഭ്യാസവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചാനൽ.

10. പുലിസ്റ്റർ പുരസ്കാരം നൽകുന്നതാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. വാർത്ത സെൻസേഷൻ ആകുന്നതെപ്പോൾ?

12. ഇന്ത്യൻ പത്രപ്രവർത്തനരംഗം അടിയന്തരാവസ്ഥയ്ക്കുശേഷമാണ് പക്വമായതെന്ന അഭിപ്രായത്തിനു കാരണമെന്ത്?

13. മലയാളത്തിലെ ബാലപ്രസിദ്ധീകരണങ്ങൾ - കുറിപ്പെഴുതുക.

14. റിപ്പോർട്ടിംഗ് എന്നാലെന്ത്?

15. ആശയസംവേദനത്തിന്റെ അടിസ്ഥാനമാതൃകയെന്ത്?

16. വാർത്താഘടന തിരിച്ചുവെച്ച പിരമിഡിന്റെ രീതിയിലാണെന്നു പറയുന്നതെന്തുകൊണ്ട്?

17. എഡിറ്റിംഗ് എന്നാലെന്ത്?

18. തലക്കെട്ട് സൃഷ്ടിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതെന്തെല്ലാം?

19. റേഡിയോ വാർത്തയേക്കാൾ ടെലിവിഷൻ വാർത്തയ്ക്കുള്ള മേന്മയെന്ത്?

20. മൃദുലവാർത്ത എന്നാലെന്ത്?

21. വാർത്താമൂലകങ്ങൾ ഏതെല്ലാം?

22. പ്രസ്സ് റിലീസ് എന്നാലെന്ത്?

23. ആദ്യകാലപത്രശൈലിയുടെ ഗുണദോഷങ്ങൾ വിവരിക്കുക.

24. വാർത്താ ഏജൻസികൾ - കുറിപ്പെഴുതുക.

25. ബൈലൈൻ എന്നാലെന്ത്?

26. ഫോട്ടോഫീച്ചർ എന്നാലെന്ത്?

(8 × 2 = 16 Marks)

III. ഒന്നരപ്പുറത്തിൽ കവിയാതെ ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

27. പത്രം വ്യവസായമായപ്പോൾ സംഭവിച്ച മാറ്റങ്ങളെന്തെല്ലാം?

28. ചെറുകിട പത്രങ്ങളുടെ പ്രസക്തിയെന്ത്?

29. ഡിഫാമേഷൻ ആക്ട് എന്നാലെന്ത്?

30. മലയാളത്തിലെ ആദ്യകാല വനിതാമാസികകളെ പരിചയപ്പെടുത്തുക.

31. മലയാളത്തിലെ ലിറ്റിൽമാഗസിനുകളുടെ സംഭാവനകളെ വിലയിരുത്തുക.

32. തപാൽ മാധ്യമം കൂടിയാണ് മലയാളപത്രങ്ങൾ എന്ന അഭിപ്രായത്തിനു കാരണമെന്ത്?

33. വാർത്താസ്രോതസ്സുകൾ ഏതെല്ലാം?

34. ഇൻഫർമേഷൻ സൂപ്പർഹൈവേ എന്നാലെന്ത്?

35. കേരളത്തിലെ അച്ചടിയുടെ ചരിത്രം സംഗ്രഹിക്കുക.

36. പത്രപ്രവർത്തനചരിത്രത്തിൽ ജ്ഞാനനിക്ഷേപത്തിന്റെ പ്രാധാന്യമെന്ത്?

37. കലയും സാഹിത്യവും ജനകീയമാക്കുന്നതിൽ റേഡിയോ വഹിക്കുന്ന പങ്കെന്ത്?

38. മാധ്യമരംഗത്തെ നവരൂപങ്ങളായ ബ്ലോഗിങ്, സിറ്റിസൺ ജേർണലിസം ഇവയുടെ പ്രസക്തിയെന്ത്?

(6 × 4 = 24 Marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിനുത്തരമെഴുതുക.

39. വിപണിയും പത്രവുമായുള്ള ബന്ധം പത്രധർമ്മത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ? - ചർച്ച ചെയ്യുക.

40. ആധുനിക കേരളത്തെ സൃഷ്ടിക്കുന്നതിൽ പത്രങ്ങൾ വഹിച്ച പങ്കെന്ത്?

41. മലയാളി എന്ന സവിശേഷസ്വത്വത്തിന്റെ നിർമ്മിതിയിൽ പത്രങ്ങളുടെ സംഭാവനയെന്ത്?

42. ഇന്ത്യൻ ദേശീയതയെ വളർത്തുന്നതിൽ റേഡിയോയുടെ സ്വാധീനമെന്ത്?

43. പത്രനിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളെ പരിചയപ്പെടുത്തുക.

44. പൊതുബോധനിർമ്മിതിയിൽ ടെലിവിഷന്റെ സ്വാധീനത്തെ വിലയിരുത്തുക.

**(2 × 15 = 30 Mark**

---